പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2020 — 04.05.2017 ൽ മറുപടിക്ക്

## ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. മുകേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br>(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (എ)യും (ബി)യും<br>സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Rashidas

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

(i) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

(ii) കുളങ്ങൾ നവീകരിക്കാനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ, ആ ക്ഷേത്രക്കുളങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

(iii) ഒരു കുളത്തിന്റെ നവീകരണത്തിന് സാധാരണഗതിയിൽ ചെലവ് 20 ലക്ഷം രൂപ കവിയാൻ പാടില്ല.

(iv) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും അവയ്ക്കു ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invensive approach ആയിരിക്കണം കാവുകളുടെ സംരക്ഷണത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രിയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷമായി നിജപ്പെടുത്തുന്നതാണ്.

(v) ആൽത്തറകളുടെ സംരക്ഷണത്തിന് പരമാവധി 50,000/-രൂപ മാത്രമേ അനുവദിക്കാവൂ. ആൽത്തറകൾ തെരഞ്ഞെടുക്കുമ്പോൾ അത് എല്ലാ വിഭാഗം ജനങ്ങളും ഉപയോഗി ക്കുന്നതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(vi) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

(vii) ചെലവുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ടത് അതാത് പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർമാരാണ്.

(viii) ആൽത്തറകൾ, കുളങ്ങൾ എന്നിവ പൊതുജനങ്ങൾ ഉപയോഗിക്കുന്നതാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തണം.

(ix) കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തോട് ചേർന്നുള്ളതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം സബ്ഗ്രൂപ്പ് ഓഫീസർ നൽകേണ്ടതാണ്.

(x) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്.